**QP CODE**
**B1001**

**Enrollment Number: ………………**

**Name: ………………………………**

# FOUR YEAR UNDER GRADUATE DEGREE EXAMINATIONS, APRIL 2025

**First Semester**

**B.A (Honours) Malayalam Language and Literature**

**SGB24ML101MC – മലയാളകവിത: ആധുനികം**

**(2024 July admissions)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും എട്ടു ചോദ്യത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോ മാർക്കു വീതം**

1. ‘ഇവനേ ഞങ്ങൾക്കോണപ്പാട്ടിന് ചോടായ് ’-ഏതു കവിതയിലെ വരികളാണിത്? ആരെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്?
2. ’ദൈവദശകം’ എന്ന കവിത ആരുടേതാണ്? അതിൽ ദൈവത്തെ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?
3. കുരുതി രക്തം കൊണ്ട് ആത്മബലി നൽകി ആരെ ഉണർത്താം എന്നാണ് പറയുന്നത് ?
4. ‘ശാർങ്ഗകപ്പക്ഷികൾ’ എന്ന കവിതയിൽ ഭൂമിയെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
5. ’മനസ്വിനി’ എന്ന കവിതയിൽ ആരെ ഓർത്താണ് കവിയുടെ കരൾ ഉരുകിയത്?
6. അധികതുംഗപദത്തിലെത്ര ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ - ആരാണ് ശോഭിച്ചിരുന്നത്?
7. ’കുന്തി’ എന്ന കവിത എഴുതിയത് ആര്?
8. ഉച്ചമയക്കത്തിലേക്ക് വീഴുന്ന ഉദ്യോഗസ്ഥന്റെ സ്വപ്നത്തിലേക്ക് കടന്നുവരുന്നത് എന്താണ്?
9. ‘സൂര്യകാന്തി ‘എന്ന കവിതയുടെ പ്രതിപാദ്യ വിഷയം എന്താണ്?
10. കാമുകിയാകുന്ന അഷ്ടമുടിക്കായലിനെ കുരീപ്പുഴ ശ്രീകുമാർ എങ്ങനെയാണ് വിശേഷിപ്പിക്കുന്നത്?

**(1X8=8)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക .രണ്ടു മാർക്കു വീതം**

11. 'കടമ്മനിട്ട' എന്ന കവിതയിലെ പ്രതിപാദ്യ വിഷയം എന്താണ്?
12. 'ഇനി ഞാനുണർന്നിരിക്കാം, നീയുറങ്ങുക!- സന്ദർഭമെഴുതുക.
13. 'പരനിന്ദ വീശുന്ന വാളിനാൽ ചുളിപ്പോകാ
    പരകോടിയിൽ ചെന്ന പാവന ദിവ്യസ്നേഹം'- സന്ദർഭവും ആശയവും വിശദമാക്കുക.
14. 'ഇവനെക്കൂടി' എന്ന കവിതയുടെ പ്രത്യേകത എന്താണ്?
15. "മുടിയെട്ടും കോർത്തുകെട്ടി
    വിരൽ നൂറാൽ കാറ്റൊതുക്കി"- ഈ വരികളിലെ ആശയം വ്യക്തമാക്കുക.
16. 'കാണെക്കാണെ' എന്ന കവിതയുടെ സവിശേഷതകൾ എന്തെല്ലാം?
17. 'ഐസ് ക്യൂബുകൾ' എന്ന കവിതയുടെ ആശയം വിശദമാക്കുക.
18. 'ആലപ്പുഴവെള്ളം' എന്ന കവിത എഴുതിയതാര്? അതിലെ പ്രധാന ബിംബം എന്താണ്?

**(2X6=12)**

## സെക്ഷൻ സി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്കു വീതം**

19. കാണുന്നില്ലോരക്ഷരവും എന്റെ വംശത്തെപ്പറ്റി -എന്നതുകൊണ്ട് കവി
    അർത്ഥമാക്കുന്നതെന്താണെന്ന് വിശദമാക്കുക?
20. ഇവനെക്കൂടിസ്വീകരിക്കുക ഹേമന്തത്താൽ
    മെലിഞ്ഞ കുളിർനീരിൻ കൈകളാൽ-എന്ന് കവി നിളാ നദിയോട്
    അപേക്ഷിക്കുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുക?
21. ഉത്തരാധുനിക മലയാള കവിതയുടെ സവിശേഷതകൾ 'കൊതിയൻ' എന്ന
    കവിതയിൽ പ്രതിഫലിക്കുന്നത് എങ്ങനെയെന്ന് വിലയിരുത്തുക?
22. ടി. പി. രാജീവന്റെ കവിതയുടെ പ്രത്യേകതകൾ 'ഹൊഗനേക്കൽ'എന്ന കവിതയെ
    അടിസ്ഥാനപ്പെടുത്തി വിശദമാക്കുക.
23. 'സൂര്യകാന്തി' എന്ന കവിതയുടെ രൂപപരവും ഭാഷാപരവുമായ സവിശേഷതകൾ
    എന്തെല്ലാം?
24. അല്പമാത്രങ്ങളാം വിശ്രമവേളകൾ! കണ്ണിമ ചിമ്മാതെ കാവൽ നിന്നിടണം! എന്ന
    വരികളിലെ ഭാവം, സന്ദർഭം എന്നിവ വിശദമാക്കുക.
25. 'ഐസ് ക്യൂബുകൾ' എന്ന കവിതയിലെ പ്രണയ സങ്കല്പത്തെക്കുറിച്ച് വിവരിക്കുക.
26. 'മധുര സ്വപ്നശതാവലി പൂത്തൊരു മായാലോകത്തെത്തി ഞാൻ' - ആരാണ്
    മായാലോകത്തെത്തിയത്? സന്ദർഭം വിശദമാക്കുക.

**(5X6=30)**

**QP CODE**
**B1001**

## സെക്ഷൻ ഡി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പത്തു മാർക്ക് വീതം**

27. ജാതിയും അധികാരവും എപ്രകാരമാണ് സാഹിത്യത്തിൽ പ്രതിഫലിക്കുന്നത് എന്നത് കാണുന്നില്ലോരക്ഷരവും എന്ന കാവ്യഭാഗത്തെ മുൻനിർത്തി ഉപന്യസിക്കുക.
28. സ്ത്രീപക്ഷ രചനകളുടെ സവിശേഷതകൾ ബി. എം. ഗിരിജയുടെ 'കുന്തി'എന്ന കവിതയെ അടിസ്ഥാനമാക്കി വിശദീകരിക്കുക.
29. സമകാലിക കവിതകളുടെ പ്രത്യേകതകൾ കൊതിയൻ, ആലപ്പുഴവെള്ളം ഐസ് ക്യൂബുകൾ എന്നീ കവിതകളെ ആസ്പദമാക്കി ഉപന്യസിക്കുക.
30. കാല്പനികതയ്ക്കെതിരെയുള്ള ആദ്യ പ്രതികരണം എന്ന നിലയിൽ ശാർങ്ഗകപ്പക്ഷികൾ, ഇവനെക്കൂടി എന്നീ കവിതകളെ വിലയിരുത്തുക.

**(10X2=20)**